# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3605** **15.03.2018-ൽ മറുപടിക്ക്**

## സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ(2010)

| | ചോദ്യം<br><br>ശ്രീ. കെ.എസ്.ശബരീനാഥൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ (2010) സംസ്ഥാനത്തെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ഡിസ്ട്രിബ്യൂഷന് ലൈസൻസിയുമായ കെ. എസ്. ഇ.ബി. ലിമിറ്റഡിനു ബാധകമാണോ; | (എ) | ബാധകമാണ്. |
| (ബി) | ടി റെഗുലേഷൻ(2010) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ അനുവദിച്ച സമയ പരിധി 2017 ഏപ്രിലിൽ അവസാനിച്ചതിനാൽ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഇതുവരെ എടുത്തത് അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി സേഫ്റ്റി റെഗുലേഷൻ വ്യവസ്ഥകൾ കെ.എസ്.ഇ.ബി.എല്ലി-ൽ നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ബോർഡ് ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി സേഫ്റ്റി റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനകയറ്റ-പരിശീലന പദ്ധതികൾ ബോർഡിന് സമർപ്പിക്കുകയുണ്ടായി. ആയത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിൽ ആണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി സേഫ്റ്റി റെഗുലേഷൻ പ്രകാരമുള്ള നിശ്ചിത വ്യവസ്ഥാപിത പരിശീലന പരിപാടി കെ.പി.എസ്.സി വഴി നിയമിക്കുന്ന പുതിയ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകിവരുന്നു. |
| (സി) | ടി റെഗുലേഷൻ(2010) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സമയബന്ധിതമായി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്നിവർ എന്തെങ്കിലും താക്കീതു നൽകിയിട്ടുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഒ.പി. 7/2016-ൽ 29/12/2016-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന കാര്യങ്ങൾ കെ. എസ്. ഇ. ബി ലിമിറ്റഡ് നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>1. നിലവിലുള്ള ജീവനക്കാരിൽ നിന്നും സേഫ്റ്റി റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരെ മാത്രമേ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും |

| | | | |
|---|---|---|---|
| | | | അറ്റകുറ്റ പണികൾക്കുമായി നിയോഗിക്കുവാൻ പാടുള്ളു.<br>2. നിലവിലുള്ള ജീവനക്കാരിൽ ലൈൻമാൻ, ഓവർസിയർ, സബ് എൻജിനീയർ എന്നീ തസ്തികയിലുള്ള താത്പര്യമുള്ള ജീവനക്കാരെ ആവശ്യമായ പരിശീലനം നൽകി സേഫ്റ്റി റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മുകളിൽ സൂചിപ്പിച്ച ജോലികൾക്ക് യോഗ്യതയുള്ളവരാക്കി മാറ്റേണ്ടതാണ്.<br>3. ഭാവിയിൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റ പണികൾക്കുമായി നിയമിക്കപ്പെടുന്നവർ സേഫ്റ്റി റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം യോഗ്യത നേടിയിട്ടുള്ളവർ ആകേണ്ടതാണ്. |
| (ഡി) | ടി റെഗുലേഷൻ (2010) കെ. എസ്. ഇ. ബി. ലിമിറ്റഡിൽ സമയബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ എന്തൊക്കെയാണ്; അതിന്റെ വിശദാംശംങ്ങൾ നൽകുമോ; | (ഡി) | ടി റഗുലേഷൻ (2010) കെ.എസ്.ഇ.ബി.എല്ലി-ൽ സമയബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ സെക്ഷൻ 142 (ഇലക്ട്രിസിറ്റി ആക്ട് 2003) അനുസരിച്ച് പിഴ നൽകേണ്ടി വരും. |
| (ഇ) | കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എൻട്രി കേഡർ തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ(2010) നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളും നടപടിക്രമങ്ങളുമാണ് ഇതുവരെ എടുത്തിട്ടുള്ളത്; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി സേഫ്റ്റി റെഗുലേഷൻ വ്യവസ്ഥകൾ കെ.എസ്.ഇ.ബി.എല്ലി-ൽ നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ബോർഡ് ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തു കമ്മിറ്റി വിശദമായ പഠനത്തിനുശേഷം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി സേഫ്റ്റി റെഗുലേഷനുകൾക്ക് അനുസൃതമായിട്ട് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പുതിയ നിയമന-സ്ഥാനകയറ്റ മാനദണ്ഡങ്ങൾ ബോർഡിന് സമർപ്പിക്കുകയുണ്ടായി. ആയത് ബോർഡിന്റെ പരിഗണനയിൽ ആണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി സേഫ്റ്റി റെഗുലേഷൻ പ്രകാരമുള്ള നിശ്ചിത വ്യവസ്ഥാപിത പരിശീലന പരിപാടി കെ.പി.എസ്.സി വഴി നിയമിക്കുന്ന പുതിയ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകുവാൻ ആരംഭിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ